## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.ടി.ഐ**

**വിഷയം:-** വനം വകുപ്പ് – ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

**സൂചന:-**
1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 27-11-2018-ലെ ഇ2-26371/18-ാം നമ്പർ ഉത്തരവ്.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ 19-08-2019-ലെ ഇ2-4047/14-ാം നമ്പർ ഉത്തരവ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24-02-2020-ലെ ഇ2-515/20 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-125/2020 തീയതി. 03-03-2020**

വനംവകുപ്പ് ആസ്ഥാനത്ത് ഫെയർകോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ശിവരാമകൃഷ്ണൻ.എസ് 31-05-2020-ന് സേവനത്തിൽ നിന്നും വിരമിക്കുകയാണ്. ടിയാന്റെ അപേക്ഷ പ്രകാരം വിരമിക്കുന്നതിന് മുന്നോടിയായി 08-02-2020 മുതൽ 31-05-2020 വരെ സൂചന (3) പ്രകാരം ടിയാന് സേവനത്തിൽ നിന്നും വിരമിക്കുന്നതിന് മുന്നോടിയായി കമ്മ്യൂട്ടഡ് ലീവ് അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഫെയർകോപ്പി സൂപ്രണ്ടിന്റെ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. സൂചന (1) പ്രകാരം പുറപ്പെടുവിച്ച ടൈപ്പിസ്റ്റുമാരുടെ 01-11-2018 തീയതി പ്രാബല്യത്തിലുള്ള സീനിയോരിറ്റി ലിസ്റ്റിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിഭാഗത്തിലെ ക്രമനമ്പർ (06) ആയ ശ്രീമതി.പി.പി.ജലജ വരെയുള്ളവർക്ക് സൂചന (2) പ്രകാരം ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

സൂചന (1) സീനിയയോരിറ്റി ലിസ്റ്റിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിഭാഗത്തിലെ ക്രമ നമ്പർ (07) ആയ ശ്രീ.ഡി.സുരേന്ദ്രൻ 30-04-2019-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുളളതിനാൽ മേൽപ്പറഞ്ഞ ഒഴിവിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ടി സീനിയോരിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ (08) ആയ ശ്രീമതി.ബൽക്കീസ്.പി.എം. അർഹയാണെന്ന് കാണുന്നു. ടി സാഹചര്യത്തിൽ ശ്രീമതി.ബൽക്കീസ്.പി.എം.-ന് 30,700-65,400/- ശമ്പള സ്കെയിലിൽ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി വനംവകുപ്പ് ആസ്ഥാന ഓഫീസിൽ നിലവിലുളള ഒഴിവിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾക്ക് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ സ്ഥാനക്കയറ്റത്തെത്തുടർന്നുളള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

C:\Users\E2\Desktop\E2\Promotion\FCS Promotion.Doc

പകർപ്പ്

1. വ്യക്തിക്ക് മേലധികാരി മുഖേന.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) ക്ക് വനം വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.
3. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനായി.
4. സർവ്വീസ് ബുക്ക്/സ്റ്റോക്ക് ഫയൽ